# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 889 — 09/8/2017 -ലെ മറുപടി

## തഴക്കര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ.രാജേഷ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br>(ബി) ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി ഡി.പി.ആർ അനുമതി ലഭ്യമാക്കുന്നതിനായി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഇതിന്റെ ഡി.പി.ആർ അനുമതി അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;<br>(ഡി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കുമോ; എത്രയും വേഗം ഈ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുമോ? | (എ), (ബി), (സി) & ) (ഡി) മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതിക്കായി 52.5 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശങ്ങളായ മാവേലിക്കര നഗരസഭയിലും, തഴക്കര, ചെട്ടികുളങ്ങര എന്നീ പഞ്ചായത്തുകളിലും വിശദമായ ഭൂതലസർവ്വേ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/